ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, ഡോ എസ് ജയശങ്കർ, അശ്വിനി വൈഷ്ണവ് തുടങ്ങിയവർ ചുമതലയേറ്റു. കേരളത്തിൽ നിന്ന് സുരേഷ് ഗോപിയും ജോർജ് കുര്യനും സ്ഥാനമേറ്റു.

   **Several Cabinet Ministers including Defence minister Rajnath sing Home Minister Amit Shah, External Affairs Minister Dr S Jaishankar,and Information and Broadcasting Minister Ashwini Vaishnav assume charge. Suresh Gopi and George Kurian takes charge as union ministers of states from Kerala.**

2. ഐക്യവും സൗഹാർദവും പ്രതിനിധീകരിക്കുന്ന കാലാതീതമായ പരിശീലനമാണ് യോഗയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Yoga is a timeless practice that celebrates oneness and harmony says PM Modi.**

3. ഒഡീഷ മുഖ്യമന്ത്രിയായി ബിജെപി നേതാവ് മോഹൻ മാഝിയും ആന്ധ്രപ്രദേശ് മുഖ്യമന്ത്രിയായി ടി.ഡി.പി അധ്യക്ഷൻ എൻ. ചന്ദ്രബാബു നായിഡുവും നാളെ സത്യപ്രതിജ്ഞ ചെയ്യും.

   **BJP leader Mohan Majhi as CM of Odisha and TDP chief N. Chandrababu Naidu as CM of andhra will take oath tomorrow.**

4. മലബാറിലെ പ്ലസ് വൺ പ്രവേശന വിഷയത്തിൽ പ്രക്ഷുബ്ദ്ധമായി കേരള നിയമസഭ.

Kerala Assembly faced Uproar Over Malabar Plus One Admission Crisis.

5. കേരളത്തിൽ ഞായറാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്; വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

Weather warning for heavy rains in Kerala till Sunday; Fishing brohibits till Thursday.

6. 2025 ലെ എഫ്ഐഎച്ച് ഹോക്കി പുരുഷ ലോകകപ്പ് ജൂനിയർ മത്സരങ്ങൾക്ക് ഇന്ത്യ വേദിയാകും.

India will host the 2025 FIH Hockey Men's Junior World Cup.

=================

## UNION MINISTERS-TAKE CHARGE - Intro

മൂന്നാം നരേന്ദ്രമോദി സർക്കാർ സത്യപ്രതിജ്ഞ ചെയ്തതിന് പിന്നാലെ കേന്ദ്രമന്ത്രിമാർ ഇന്ന് ഔദ്യോഗികമായി ചുമതലയേറ്റു. ഒരു റിപ്പോർട്ട്...

(വോയിസ്)

=================

## UNION MINISTERS-TAKE CHARGE - voice

മുതിർന്ന ബിജെപി നേതാവ് അമിത് ഷാ ഇന്ന് കേന്ദ്ര ആഭ്യന്തര മന്ത്രിയായി ചുമതല ഏറ്റെടുത്തു. സഹകരണ മന്ത്രാലയത്തിൻ്റെ ചുമതലയും അദ്ദേഹത്തിനാണ്. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ, ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ, കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ, ടെലികോം മന്ത്രി ജ്യോതിരാദിത്യസിന്ധ്യ,

ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു, വനിതാ ശിശു വികസന മന്ത്രി അന്നപൂർണാ ദേവി, വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ ഉൾപ്പെടെയുള്ള മന്ത്രിമാരും ഇന്ന് ചുമതലയേറ്റു. കേരളത്തിൽ നിന്നുള്ള കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപിയും, ജോർജ് കുര്യനും ഇന്ന് ചുമതലയേറ്റു. മൂന്നാം മോദി സർക്കാരിന്റെ വിദേശ നയങ്ങൾ വൻ വിജയമായിരിക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ ചുമതലയേറ്റ ശേഷം പറഞ്ഞു. ഇന്ത്യയുടെ സ്വാധീനം വളരുകയാണെന്നും, പ്രതിസന്ധിഘട്ടങ്ങളിൽ കൂടെനിൽക്കുന യഥാർത്ഥ സുഹൃത്തായി ഇന്ത്യയെ മറ്റ് രാജ്യങ്ങൾ കരുതുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഒരു കുതിച്ചുചാട്ടത്തിനാണ് സാക്ഷ്യം വഹിച്ചതെന്ന് ചുമതലയേറ്റ ശേഷം മാധ്യമങ്ങളോട് സംസാരിക്കവെ ശ്രീ സിന്ധ്യ പറഞ്ഞു. പ്രധാനമന്ത്രിയുടെയും ഇന്ത്യയിലെ 140 കോടി ജനങ്ങളുടെയും

അഭിലാഷങ്ങൾക്കനുസൃതമായി പ്രവർത്തിക്കാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ന്യൂസ് ഡെസ്ക് ആകാശവാണി.......

==================

## PM- NAWAZ SHARIF

സമാധാനത്തിനും സുരക്ഷയ്ക്കും പുരോഗമന ആശയങ്ങൾക്കുമൊപ്പമാണ് ഇന്ത്യയിലെ ജനങ്ങൾ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക എന്നതാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യൻ പ്രധാനമന്ത്രിയായി മൂന്നാം തവണയും അധികാരമേറ്റ ശ്രീ.നരേന്ദ്രമോദിക്ക് ആശംസകൾ നേർന്ന മുൻ പാകിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന്റെ സാമൂഹ്യമാധ്യമ പോസ്റ്റിനോട്

പ്രതികരിക്കുകയായിരുന്നു അദ്ദേഹം. പാക് പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫും ശ്രീ മോദിക്ക് ആശംസകൾ നേർന്നു.

=================

## PM- YOGA DAY

ഐക്യവും സൗഹാർദവും പ്രതിനിധീകരിക്കുന്ന കാലാതീതമായ പരിശീലനമാണ് യോഗയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സമഗ്രമായ ക്ഷേമത്തിനായി ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ജനങ്ങളെ യോഗ ഏകോപിപ്പിച്ചു നിർത്തുന്നതായും അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി വിവിധ യോഗാസനങ്ങളെക്കുറിച്ച് വിവരിക്കുന്ന വീഡിയോയും പ്രധാനമന്ത്രി പങ്കുവെച്ചു.

=================

## ODISHA SWEARING

ഒഡീഷയിൽ ബി.ജെ.പി നേതാവ് മോഹൻ മാഝി മുഖ്യമന്ത്രിയാകും. മുഖ്യമന്ത്രിയും തിരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരും നാളെ വൈകിട്ട് ഭുവനേശ്വറിലെ ജനതാ മൈതാനിയിൽ സത്യപ്രതിജ്ഞ ചെയ്യും. കേന്ദ്ര നിരീക്ഷകരായി നിയോഗിക്കപ്പെട്ട കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗും ഭൂപേന്ദർ യാദവും ബി.ജെ.പി നിയമസഭാംഗങ്ങളുമായി ചർച്ച നടത്തിയാണ് മുഖ്യമന്ത്രിയെ തീരുമാനിച്ചത്. ഇതാദ്യമായാണ് ഒഡീഷയിൽ ബിജെപി സർക്കാർ അധികാരത്തിലേറുന്നത്. നവീൻ പട്നായിക്കിൻ്റെ നേതൃത്വത്തിലുള്ള ബിജു ജനതാദളിൻറെ 24 വർഷത്തെ ഭരണം അവസാനിപ്പിച്ചാണ് ബിജെപി അധികാരത്തിലേറുന്നത്.

=================

## ANDHRA SWEARING

ആന്ധ്രാപ്രദേശ് എൻഡിഎ നിയമസഭാകക്ഷി നേതാവായി തിരഞ്ഞെടുക്കപ്പെട്ട് ടി.ഡി.പി അധ്യക്ഷൻ എൻ. ചന്ദ്രബാബു നായിഡു നാളെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. വിജയവാഡയിലാണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ. നാലാം തവണ മുഖ്യമന്ത്രി സ്ഥാനത്തെത്തുന്ന ചന്ദ്രബാബു നായിഡു ആന്ധ്രാ വിഭജനത്തിന് ശേഷം ഇത് രണ്ടാം തവണയാണ് സംസ്ഥാനത്ത് അധികാരത്തിലെ ത്തുന്നത്.

=================

## SIKKIM-FIRST CABINET MEETING

സിക്കിം നിയമസഭാ പ്രോ ടേം സ്പീക്കറായി സഞ്ജീത് ഖരേൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ സത്യവാചകം ചൊല്ലിക്കൊടുത്തു. സിക്കിമിൽ മുഖ്യമന്ത്രി പ്രേം സിംഗ് തമാങിന്റെ നേതൃത്വത്തിലുള്ള പുതിയ മന്ത്രിസഭയുടെ, ഇന്ന് നടന്ന ആദ്യ യോഗത്തിലാണ് സഞ്ജീത് ഖരേലിനെ പ്രോ ടേം സ്പീക്കറായി നിയമിക്കാൻ തീരുമാനിച്ചത്.

=================

## CONGRESS DHANYAWAD YATRA

ഉത്തർപ്രദേശിൽ 403 നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള കോൺഗ്രസിന്റെ 'ധന്യവാദ് യാത്ര'യ്ക്ക് ഇന്ന് തുടക്കം. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും പാർട്ടി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധിയുമാണ് യാത്രയ്ക്ക് തുടക്കം കുറിച്ചത്. ഉച്ചയ്ക്ക് ശേഷം റായ്ബറേലിയിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ നേതാക്കൾ, റായ്ബറേലിയിലെയും അമേഠിയിലെയും തിരഞ്ഞെടുപ്പ് വിജയത്തിൽ ജനങ്ങൾക്ക് നന്ദി രേഖപ്പെടുത്തി. ജൂൺ 15 ന് ധന്യവാദ് യാത്ര സമാപിക്കും.

=================

## UGC - BIANNUAL ADMISSIONS

അടുത്ത അധ്യയന വർഷം മുതൽ വർഷത്തിൽ രണ്ടു പ്രാവശ്യം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി നൽകി യുജിസി. നിലവിൽ ഒരു അധ്യയന വർഷത്തിൽ ഒരു തവണ മാത്രം പ്രവേശനമാണ് യുജിസി നിഷ്കർഷിക്കുന്നത്. ബോർഡ് റിസൽറ്റുകൾ വൈകിയത് മൂലമോ, ആരോഗ്യ പ്രശ്നങ്ങളോ മറ്റ് വ്യക്തിപരമായ കാരണങ്ങളോ കൊണ്ടോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്ത നിരവധി വിദ്യാർത്ഥികൾക്ക് തീരുമാനം ഗുണം ചെയ്യുമെന്ന് യുജിസി ചെയർമാൻ പ്രൊഫസർ മമിഡാല ജഗ്ദേഷ് കുമാർ അഭിപ്രായപ്പെട്ടു. ഒരു വർഷം കാത്തിരിക്കേണ്ട ആവശ്യമില്ലാത്തതിനാൽ വിദ്യാർത്ഥികളിൽ പഠിക്കാനുള്ള പ്രചോദനം നഷ്ടപ്പെടാതിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

===================

## NIYAMASABHA- TOTAL

മലബാറിലെ പ്ലസ് വൺ സിറ്റ് പ്രതിസന്ധിയിൽ പ്രക്ഷുബ്ധമായി കേരളനിയമസഭ. വിഷയത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്നും വാക്ക് ഔട്ട് ചെയ്തു. എസ് എസ് എൽ സി പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് യാതൊരു പ്രതിസന്ധിയും മലബാർ മേഖലയിൽ ഇല്ല എന്ന് മന്ത്രി വി. ശിവൻ കുട്ടി മറുപടിയായി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനർ നിർണയം സംബന്ധിച്ച ബിൽ നിയമസഭ ഇന്നലെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പാസ്സാക്കിയത് സംബന്ധിച്ച് പ്രതിപക്ഷം ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ എ.എൻ ഷംസീർ റൂളിങ്ങ് പുറപ്പെടുവിച്ചു. പെരിയാറിൽ ഏലൂർ ഫെറി ഭാഗത്ത് കഴിഞ്ഞ മാസം മത്സ്യങ്ങൾ ചത്തുപൊങ്ങിയതിൽ 3.56 കോടി രൂപയുടെ മത്സ്യനാശം ഉണ്ടായതായി മുഖ്യമന്ത്രി പിണറായി

വിജയൻ സഭയിൽ പറഞ്ഞു. വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി.

==================

## IMD-WEATHER

ഉത്തർപ്രദേശ്, ഹരിയാന, ഡൽഹി ഉൾപ്പെടെയുള്ള കിഴക്കൻ-തെക്കു-പടിഞ്ഞാറൻ മേഖലകളിൽ അടുത്ത മൂന്നു-നാലു ദിവസം ഉഷ്ണ തരംഗ സാധ്യത നിലനിൽക്കുന്നതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. അതിശക്തമായ ഉഷ്ണതരംഗം വീണ്ടും ആരംഭിച്ചതായും ഉത്തർപ്രദേശ്, ഡൽഹി മേഖലകളിൽ അത് കൂടുതലായി അനുഭവപ്പെടുമെന്നും കാലാവസ്ഥാ ശാസ്ത്രജ്ഞൻ ഡോ. ആർ കെ ജന്മണി ആകാശവാണിയോട് പറഞ്ഞു. 43 മുതൽ 45 ഡിഗ്രി വരെയായിരിക്കും താപനില എന്നും അദ്ദേഹം പറഞ്ഞു.

==================

## CLIMATE KERALA

കേരളത്തിൽ അടുത്ത 5 ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം മുതൽ കാസർകോഡ് വരെയുള്ള 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ കേരള, കർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വ്യാഴാഴ്ച വരെ വിലക്കുണ്ട്.

==================

## MALAWI-VP-PLANE CRASH

മലാവി വൈസ് പ്രസിഡന്റ് സാലോസ് ചിലിമ വിമാനാപകടത്തിൽ കൊല്ലപ്പെട്ടതായി സ്ഥിരീകരണം. ഇന്നലെയാണ് വൈസ് പ്രസിഡൻറ് സഞ്ചരിച്ചിരുന്ന സൈനിക വിമാനം

കാണാതായത്. സാലോസ് ചിലിമക്കൊപ്പം വിമാനത്തിൽ ഉണ്ടായിരുന്ന ഒൻപത് പേരും കൊല്ലപ്പെട്ടെന്നാണ് വിവരം. മോശം കാലാവസ്ഥയാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

==================

## FIH HOCKEY MENS JUNIOR WC

2025 ലെ എഫ്ഐഎച്ച് ഹോക്കി പുരുഷ ലോകകപ്പ് ജൂനിയർ മത്സരങ്ങൾക്ക് ഇന്ത്യ വേദിയാകും. സ്വിറ്റ്സർലാൻഡിൽ ചേർന്ന അന്താരാഷ്ട്ര ഹോക്കി ഫെഡറേഷൻ എക്സിക്യൂട്ടീവ് ബോർഡ് യോഗത്തിലാണ് തീരുമാനം. 2025 ഡിസംബറിലാണ് മത്സരം. ആദ്യമായാണ് ജൂനിയർ ലോകകപ്പ് മത്സരങ്ങളിൽ 24 ഓളം ടീമുകൾ മാറ്റുരയ്ക്കുന്നത്. കഴിഞ്ഞ വർഷം മലേഷ്യയിൽ നടന്ന ജൂനിയർ മത്സരത്തിൽ ജർമ്മനിയായിരുന്നു വിജയി.

==================

## T-20 WORLD CUP

ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ കാനഡയെ നേരിടും. രാത്രി 8 മണിക്ക് ന്യൂയോർക്കിലാണ് മത്സരം. കഴിഞ്ഞ രണ്ടു മത്സരങ്ങൾ പരാജയപ്പെട്ട പാകിസ്ഥാന് ഇന്നത്തെ മത്സരം നിർണ്ണായകമാണ്.

==================

## INDIA VS QATAR- FOOTBALL

2026 ലെ ഫിഫ ലോകകപ്പിലേക്കുള്ള യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് ഖത്തറിനെ നേരിടും. ദോഹയിൽ രാത്രി 9:15 നാണ് മത്സരം. യോഗ്യതാ മത്സരത്തിന്റെ മൂന്നാം റൗണ്ടിലേക്ക് കടക്കാൻ, ഇന്ത്യയ്ക്ക് ഗ്രൂപ്പ് എയിലെ ആദ്യ രണ്ട് സ്ഥാനങ്ങളിൽ ഒന്ന്

ഉറപ്പിക്കണം എന്നതിനാൽ ഇന്നത്തെ മത്സരം നിർണായകമാണ്. ഖത്തറിനെതിരെ ജയം നേടിയാൽ 2027 ൽ നടക്കുന്ന ഏഷ്യ കപ്പിലേക്കും ഇന്ത്യ യോഗ്യത നേടും. ഇന്ത്യയുടെ ഇതിഹാസതാരം സുനിൽ ഛേത്രി വിരമിച്ചതിനെ തുടർന്ന്, ഗോൾകീപ്പർ ഗുർപ്രീത് സിംഗ് സന്ധുവാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്. നിലവിൽ 13 പോയിന്റോടെ ഖത്തർ, ഗ്രൂപ്പിൽ ഒന്നാമതാണ്. അഞ്ച് പോയിന്റുമായി ഇന്ത്യ രണ്ടാം സ്ഥാനത്താണുള്ളത്.

==================

## KARNATAKA - ACTOR DETAINED

കർണാടകയിലെ രേണുകസ്വാമി വധക്കേസിൽ ബന്ധമുണ്ടെന്ന് ആരോപിച്ച് കന്നഡ നടൻ ദർശൻ തൂഗുദീപയെ മൈസൂരിൽ നിന്ന് പോലീസ് കസ്റ്റഡിയിലെടുത്തു. ദർശൻറെ അടുത്ത സുഹൃത്തായ പവിത്ര ഗൗഡയെ ഓൺലൈനിൽ ശല്യപ്പെടുത്തിയതിനാണ് രേണുകസ്വാമിയെ കൊലപ്പെടുത്തിയത്. ബെംഗളൂരുവിലെ സുമന്നഹള്ളി പാലത്തിന് സമീപമാണ് രേണുകസ്വാമിയുടെ മൃതദേഹം കണ്ടെത്തിയത്. കേസിൽ ഇതുവരെ പത്ത് പേരാണ് അറസ്റ്റിലായത്.

==================

## HIMACHAL PRADESH- TOURIST INFLUX

രാജ്യത്തെ സമതല പ്രദേശങ്ങളിൽ ഉഷ്ണതരംഗ വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ ഹിമാചൽ പ്രദേശിലേക്ക് സന്ദർശക പ്രവാഹം. ചൂടിൽ നിന്ന് രക്ഷ നേടാനായി നിരവധി പേരാണ് തലസ്ഥാനമായ ഷിംലയിലേക്ക് എത്തുന്നത്. ഷിംല, കുഫരി, ചൈൽ, നാർകണ്ഡ, കസൗലി, കിന്നൗർ, കാംഗഡ, ഡൽഹൗസി, കുല്ലു, മനാലി എന്നിവിടങ്ങളിലെ പ്രധാന ഹോട്ടലുകളെല്ലാം 90 ശതമാനവും നിറഞ്ഞു കഴിഞ്ഞതായാണ് റിപ്പോർട്ട്.

=====================================